No.CEE/1800/B.Tech (LE)-2020/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## ബി.ടെക് (ലാറ്ററൽ എൻട്രി)–2020 കോഴ്സിലേയ്ക്കുള്ള പ്രവേശനം
### പ്രൊഫൈൽ, മാർക്ക് എന്നിവ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ള അവസരം

2020–21 വർഷത്തെ ബി.ടെക് (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ, മാർക്ക് എന്നിവ പരിശോധിക്കുന്നതിനും ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനും അവസരം നൽകുന്നു. അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനായി, പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **''B.Tech (Lateral Entry)2020 Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷകന്റെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്. അപേക്ഷകരുടെ പ്രൊഫൈൽ പേജിൽ, അപേക്ഷയിൽ അനുവദിച്ചിട്ടുള്ള വ്യക്തിഗത വിവരങ്ങൾ, സംവരണം/ മറ്റ് ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ദൃശ്യമാകുന്നതാണ്. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. **ഓൺലൈൻ അപേക്ഷായോടൊപ്പം സമർപ്പിച്ച ഫോട്ടോ, ഒപ്പ് എന്നിവയിൽ ന്യൂനതകൾ ഉള്ളവർക്കും അപേക്ഷാഫീസ് അധികമായി അടയ്ക്കാനുള്ളവർക്കും, സമർപ്പിച്ച അനുബന്ധ രേഖകളിൽ അപാകതകൾ ഉള്ളവർക്കും അവ പരിഹരിക്കുന്നതിന് 06.11.2020 മുതൽ 09.11.2020 ഉച്ചയ്ക്ക് 12.00** മണി വരെ സമയം ലഭ്യമാകുന്നതാണ്. **നിശ്ചിത തീയതിയ്ക്കുള്ളിൽ ഓൺലൈനായി സമർപ്പിക്കാത്ത രേഖകൾ, സംവരണം/ആനുകൂല്യം അനുവദിക്കുന്നതിന് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.** അനുബന്ധ രേഖകളോ സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല. സമയബന്ധിതമായി റാങ്ക് ലിസ്റ്റ്/കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനായി ഇനി അവസരം നൽകുന്നതല്ല. ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടി ഫാക്സ്/ഇ–മെയിൽ മുഖാന്തിരമോ തപാൽ വഴിയോ നേരിട്ടോ ലഭിക്കുന്ന രേഖകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ചതും ബി.ടെക് (ലാറ്ററൽ എൻട്രി) റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പരിഗണിക്കുന്നതുമായ മാർക്ക് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. മാർക്ക് വിവരങ്ങൾ പരിശോധന യ്ക്കായി മേൽ വെബ്സൈറ്റിൽ 06.11.2020 മുതൽ **09.11.2020** ഉച്ചയ്ക്ക് 12 മണി വരെ ലഭ്യമാകും. മേൽ വെബ്സൈറ്റിലെ **'B.Tech (Lateral Entry)2020 Candidate Portal'** എന്ന ലിങ്ക് വഴി അപ്ലിക്കേഷൻ നമ്പരും, പാസ്‌വേഡും നൽകി അവരുടെ ഹോംപേജിൽ പ്രവേശിച്ച് **'Marks Verification'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത ശേഷം Course, Branch/Stream, Secured mark/Grade എന്നിവ വെബ്പേജിൽ കാണിച്ചിട്ടുള്ളത് ശരിയാണോയെന്ന് പരിശോധിക്കേണ്ടതാണ്. **പ്രോസ്പെക്ടസ് പ്രകാരം അലോട്ട്മെന്റിനായി ഓപ്ഷനുകൾ ക്രമീകരിക്കുന്നത് കോഴ്സുകളെ അടിസ്ഥാനമാക്കിയായതിനാൽ Course, Branch/Stream** എന്നിവയുടെ കൃത്യത നിർബന്ധമായും പരിശോധിക്കേണ്ടതാണ്.

- വെബ്സൈറ്റിലെ Course, Branch/Stream, Secured mark/Grade എന്നീ വിവരങ്ങൾ ശരിയാണെങ്കിൽ **'No Change'** ബട്ടൺ ക്ലിക്ക് ചെയ്ത ശേഷം **'Verified and Found Correct'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പിക്കാവുന്നതാണ്.
- വെബ്സൈറ്റിലെ Course, Branch/Stream, Secured mark/Grade എന്നീ വിവരങ്ങൾ സംബന്ധിച്ച് തിരുത്തലുകൾ ആവശ്യമുള്ള പക്ഷം തിരുത്തേണ്ട വിവരത്തിനു/ വിവരങ്ങൾക്ക് നേരെയുള്ള **'Change Required'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതും തുടർന്ന് **'Verified and Found Mismatch'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതുമാണ്. അതിനുശേഷം ഇവർ തിരുത്തലുകളെ സാധൂകരിക്കുന്ന മാർക്ക് ലിസ്റ്റിന്റെ പകർപ്പ് വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. വെബ്സൈറ്റിലെ മാർക്ക് സംബന്ധിച്ച വിവരങ്ങളിൽ തിരുത്തലുകൾ ആവശ്യമുള്ളവർ ആയത് മേൽപ്പറഞ്ഞ രീതിയിൽ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനുള്ളിൽ ചെയ്തിരിക്കേണ്ടതാണ്. മാർക്കിൽ തിരുത്തലുകൾ ആവശ്യപ്പെട്ടുള്ള തപാലിലോ നേരിട്ടോ ലഭിക്കുന്ന അപേക്ഷകളോ, ഇ–മെയിൽ/ഫാക്സ് മുഖേനയുള്ള അപേക്ഷകളോ പരിഗണിക്കുന്നതല്ല.
- അപ്‌ലോഡ് ചെയ്ത മാർക്ക് ലിസ്റ്റുകളിൽ അപാകതകൾ ഉണ്ടായിരുന്നവർ ആവശ്യമായ മാർക്ക് ലിസ്റ്റുകൾ/അപാകത ഇല്ലാത്ത വ്യക്തമായ മാർക്ക് ലിസ്റ്റുകൾ വെബ് പേജിലൂടെ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരം വിദ്യാർത്ഥികളുടെ നിലവിൽ ലഭ്യമായ മാർക്കുകൾ അതേപടി റാങ്കിനായി പരിഗണിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികളുടെ റാങ്ക് തടഞ്ഞുവെയ്ക്കുന്നതാണ്.

അപേക്ഷാ നമ്പർ അറിഞ്ഞുകൂടാത്ത വിദ്യാർത്ഥികൾക്ക് വെബ്സൈറ്റിലെ അവരവരുടെ **'Candidate Portal'** ൽ നൽകിയിട്ടുള്ള **'Forgot Application Number'** എന്ന ലിങ്കിൽ പേരും മൊബൈൽ നമ്പരും നൽകി അപേക്ഷാ നമ്പർ കണ്ടുപിടിക്കാവുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്:**

റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പരിഗണിക്കപ്പെട്ട മാർക്കുകൾ പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതും ഈ വിവരങ്ങളിൽ എന്തെങ്കിലും വ്യത്യാസം കാണുന്ന പക്ഷം അത്തരം വിദ്യാർത്ഥികൾ പ്രവേശനത്തിന് അയോഗ്യരാകുന്നതുമാണ്.

**ഹെൽപ്പ് ലൈൻ നമ്പർ : 0471 -2525300**

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
07.11.2020